(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പാട്ടത്തുകയിൽ കുറവ് വരുത്തിയ നടപടി

*4 [123] ശ്രീ. പി. നാരായണൻ :

,, കെ. പി. രാജേന്ദ്രൻ:

,, എം. കുമാരൻ:

,, എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാട്ടത്തുകയിൽ കുറവു വരുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് പുറപ്പെടുവിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ കുറവ് വരുത്തിയതുമൂലം എത്ര കോടി രൂപയുടെ നഷ്ടമാണ് പ്രതീക്ഷിക്കുന്നതെന്നു വെളിപ്പെടുത്തുമോ;

(സി) അർഹതയുള്ളവർക്കും പാവപ്പെട്ടവർക്കും മാത്രം ഈ ആനുകൂല്യം ലഭിക്കത്തക്കരീതിയിൽ നിയമനിർമ്മാണം നടത്തുവാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനുള്ള നടപടികൾ സ്വീകരിക്കുമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) പാട്ടനിരക്കുകളിൽ കുറവ് വരുത്തിയിട്ടുണ്ട്. 14-5-2004-ലെ ജി.ഒ. (പി) നമ്പർ 126/2004/ആർ.ഡി. ഉത്തരവു പ്രകാരമാണ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്.

(ബി) ഈ പരിഷ്ക്കാരം മൂലം നഷ്ടം ഒന്നും ഉണ്ടായിട്ടില്ല. പ്രത്യുത ദുർവഹമായ കുടിശ്ശിക അടച്ചുതീർക്കുന്നതിനുള്ള ഇൻസന്റീവ് പകർന്നു കൊടുക്കുകയും കുടിശ്ശിക വസൂലാക്കുന്നതിനുണ്ടായിരുന്ന ബുദ്ധിമുട്ട് പുതിയ ഉത്തരവിലൂടെ ദൂരീകരിക്കുകയും ചെയ്തതുമൂലം കുടിശ്ശിക പിരിവ് ഇനിമേൽ സുഗമമായി നടത്താൻ സാധിക്കും എന്നുള്ളതാണ് ഈ ഉത്തരവിന്റെ പ്രത്യേകത. കൂടാതെ നിരക്കുകൾ ശാസ്ത്രീയമായി പരിഷ്ക്കരിക്കുകയും അതുമൂലം കുടിശ്ശിക ഭാവിയിൽ കഴിവതും ഉണ്ടാകാത്ത രീതിയിൽ പാട്ടത്തുക ഈടാക്കുവാൻ സഹായകവുമായ ഒരു ശ്രമമാണ് ഇപ്പോഴത്തെ ഉത്തരവിലൂടെ ചെയ്തിട്ടുള്ളത്. അതുകൊണ്ട് ആദ്യന്തിക ലാഭം മാത്രമാണ് ഈ ഉത്തരവുമൂലം ഉണ്ടാകുന്നത്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly